(കെ) ഉണ്ടായിരുന്നു.

(എൽ) 2000 നവംബർ 14

(എം) സർവ്വകലാശാല ഇത് സംബന്ധിച്ച് ആലോചിച്ചിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്.

കേരള സർവകലാശാലയിൽ ക്ലാസ് 4 തസ്തികയിൽ നിന്നുള്ള നിയമനം

103 (2985) ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സർവകലാശാലയിലെ ക്ലാസ്-4 തസ്തികയിലേയ്ക്ക് എന്നാണ് ടെസ്റ്റ് നടത്തിയത് ; ഇന്റർവ്യൂ എന്നു നടത്തി ; റാങ്ക് ലിസ്റ്റ് എന്ന് പ്രസിദ്ധീകരിച്ചു ;

(ബി) പ്രസ്തുത ലിസ്റ്റിൽ നിന്നും എത്രപേർക്ക് ഇതുവരെ നിയമനം നൽകിയിട്ടുണ്ട് ;

(സി) കേരള സർവകലാശാലയിലെ ക്ലാസ് -4 തസ്തികയിൽ താൽക്കാലിക, ദിവസകൂലി എന്നീ അടിസ്ഥാനത്തിൽ നിലവിൽ എത്ര പേർ ജോലി നോക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ഡി) റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ താൽക്കാലിക ജീവനക്കാരെ നിലനിറുത്തുകയും റാങ്ക് ലിസ്റ്റിൽ നിന്ന് നിയമിക്കാതിരിക്കുകയും ചെയ്യുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) യൂണിവേഴ്സിറ്റിയിലെ നിയമനങ്ങൾ സംബന്ധിച്ച് എമ്പവേർഡ് കമ്മിറ്റി എത്ര ക്ലാസ് - 4 ജീവനക്കാരെ നിയമിക്കുവാൻ ശുപാർശ ചെയ്തിട്ടുണ്ട് ;

(എഫ്) ഇവരെ റാങ്ക് ലിസ്റ്റിൽ നിന്നും നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 24-4-1995 മുതൽ 24-5-1995 വരെയും 27-10-1995 ലും ടെസ്റ്റുകൾ നടത്തി. ഇന്റർവ്യൂ 25-5-1999 മുതൽ 29-5-1999 വരെയുള്ള ദിവസങ്ങളിൽ നടത്തി. 30-6-1999 ൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു.

(ബി) 25 പേരെ നിയമിക്കാനുള്ള നടപടി ആരംഭിച്ചതായി സർവകലാശാല അറിയിച്ചിട്ടുണ്ട്.

(സി) 187 പേരെ കാഷ്വൽ ലേബറേഴ്സ് ആയി ദിവസകൂലി അടിസ്ഥാനത്തിൽ താൽക്കാലികമായി നിയോഗിച്ചിട്ടുണ്ടെന്നും ഇവരെ ക്ലാസ്-4 തസ്തികയിൽ ഉൾപ്പെടുത്തിയല്ല നിയമിച്ചിട്ടുള്ളതെന്നും സർവകലാശാല അറിയിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) 25

(എഫ്) നടപടി ആരംഭിച്ചുകഴിഞ്ഞതായി സർവകലാശാല അറിയിച്ചിട്ടുണ്ട്.

പ്രീഡിഗ്രി സർവ്വകലാശാലകളിൽ നിന്ന് പൂർണ്ണമായും വേർപ്പെടുത്തുന്ന നടപടി

109 (2986) ശ്രീ. പി. ജെ. ജോസി :
ശ്രീ. ഇ. എം. ആഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത അദ്ധ്യയന വർഷം പ്രീഡിഗ്രി സർവ്വകലാശാലയിൽ നിന്നും പൂർണ്ണമായും ഡി ലിങ്ക് ചെയ്യുന്നതോടെ കേരള, കാലിക്കറ്റ്, എം.ജി. സർവ്വകലാശാലകളിൽ എത്ര ടീച്ചിംഗ് ആന്റ് നോൺ ടീച്ചിംഗ് ജീവനക്കാർ അധികമാകുമെന്ന് വെളിപ്പെടുത്തുമോ ;

(ബി) അധികം വരുന്ന ജീവനക്കാരെ എപ്രകാരം സമന്വയിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചു നല്കുന്നതാണ്.

കോളേജ് അദ്ധ്യാപകർക്ക് യു. ജി. സി. ശുപാർശ പ്രകാരമുള്ള ശമ്പള പദ്ധതി

110 (2987) ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീമതി ദാർഫ്ഹി തങ്കപ്പൻ :
ശ്രീ. പി. നാരായണൻ :
ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ എം. നാരായണൻ (ഹോസ്ദുർഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ കോളേജ് അദ്ധ്യാപകർക്ക് യു. ജി. സി. ശുപാർശ പ്രകാരമുള്ള ശമ്പള പദ്ധതിയും യോഗ്യതാ മാനദണ്ഡങ്ങളും നടപ്പിലാക്കിയപ്പോൾ അത് സർവ്വീസിലുണ്ടായിരുന്ന കോളേജ് അദ്ധ്യാപകരുടെ യോഗ്യതാ മാനദണ്ഡത്തിൽ എന്ത് നിലപാടാണ് സർക്കാർ സ്വീകരിച്ചത് ;

(ബി) ഇപ്പോൾ പ്ലസ് ടു അദ്ധ്യാപകരുടെ യോഗ്യതാ മാനദണ്ഡം നിശ്ചയിച്ചപ്പോൾ സർവ്വീസിലുള്ള അദ്ധ്യാപകർക്ക് ഈ ഇളവ് ബാധകം ആക്കുന്നതിന് ഉദ്ദേശിച്ചിട്ടുണ്ടോ ;

(സി) മൂന്നു വർഷത്തോളം റെഗുലർ സർവീസ് തുടർച്ചയായി ഉള്ള അദ്ധ്യാപകരുടെ നിയമന മാനദണ്ഡം ഇപ്പോൾ പുതുക്കി നിശ്ചയിക്കുന്നതിന്റെ നിയമ സാദ്ധ്യതയെപ്പറ്റി സർക്കാർ പഠിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly